പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർ
& ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ) നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : പി.കെ.കേശവൻ ഐ.എഫ്.എസ്

വിഷയം: കേരള വനം വകുപ്പ് - ജീവനക്കാര്യം - ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ 22.01.2020-ലെ ഇതേ നമ്പർ ശുപാർശ.
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 30.04.2019-ലെ ഇ4-50879/2018 നമ്പർ ഉത്തരവ്.
3. സർക്കാർ ഉത്തരവ് (സാധാ) നമ്പർ.28/2020/വനം തീയതി.28.01.2020 തിരുവനന്തപുരം

**ഉത്തരവ് നമ്പർ ഡി1-19726/14 തീയതി:28.01.2020**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് പരാമർശം(1) പ്രകാരം സമർപ്പിച്ച ശുപാർശയിൽ നിലവിലുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ എട്ട് ഒഴിവുകളിലേയ്ക്ക് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും താൽക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിന് സർക്കാർ അനുമതിക്കായി അപേക്ഷിച്ചിരുന്നു. ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 30.04.2019-ലെ ഇ4-50879/2018 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ പരാമർശം(2) ക്രമം അനുസരിച്ച്, അർഹരായ എട്ട് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് (സീനിയോരിറ്റി ക്രമ നമ്പർ (96, 102, 203, 105, 106, 107, 119, 130), പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ട് നിയമിതരായ ഉദ്യോഗാർത്ഥികൾ അവരുടെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിച്ച് തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് തസ്തികയിലേക്ക് തരം താഴ്ത്തുന്നതാണ് എന്ന വ്യവസ്ഥയിൽ, താൽക്കാലിക പ്രൊമോഷന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള വിലക്കിൽ ഇളവ് അനുവദിച്ച്, കെ.എസ് & എസ്.എസ്. ആർ. ചട്ടം 31 (a) (i) പ്രകാരം അതിലെ നിബന്ധനകൾക്ക് വിധേയമായി താൽക്കാലിക പ്രൊമോഷൻ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക ഒരു സുപ്രധാന തസ്തികയായതിനാലും, പദ്ധതികളുടെ നിർവ്വഹണത്തിലും, വനസംരക്ഷണ ത്തിലും റെയിഞ്ച് തലത്തിൽ ഇവർ നിർണ്ണായക പങ്ക് വഹിക്കുന്നതിനാലും, ഈ തസ്തിക ഒഴിച്ചിടുന്നത് ഭരണപരമായ പ്രതിസന്ധി സൃഷ്ടിക്കുമെന്നതിനാൽ ഭരണ പ്രതിസന്ധി

മറികടക്കുന്നതിനായുള്ള ഒരു താൽക്കാലിക സംവിധാനം മാത്രമായാണ് താൽക്കാലിക പ്രൊമോഷന് പരാമർശം (3) പ്രകാരം അനുമതി നൽകിയിട്ടുള്ളത്. പ്രൊമോഷന് തികച്ചും യോഗ്യരായവരെ അവരുടെ കഴിവിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ മാത്രമേ പ്രൊമോട്ടുചെയ്യാൻ പാടുള്ളുവെന്നും അവർക്കെതിരെ തീർപ്പാക്കാത്ത വകുപ്പുതല നടപടികൾ/ വിജിലൻസ് കേസ്/അന്വേഷണം തുടങ്ങിയവ ഒന്നും തന്നെ നിലവിലില്ല എന്നുറപ്പ് വരുത്തുവാനും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ചുവടെ പേരു ചേർത്തിരിക്കുന്ന എട്ട് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് 39500-83000 ശമ്പള സ്കെയിലിൽ കെ.എസ് & എസ്.എസ്.ആർ. ചട്ടം 31 (a) (i) 2-ാം വാല്യം പ്രകാരമുള്ള നിബന്ധനകൾക്കും, ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ട് പി.കെ.കേശവൻ ഐ.എഫ്.എസ്, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് എന്ന ഞാൻ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ ക്രമം |
|---|---|---|
| 1. | പി.പ്രഭാകരൻ | 96 |
| 2. | എസ്.രാജേഷ് | 102 |
| 3. | അഖിൽ ബാബു | 103 |
| 4. | എൻ.രൂപേഷ് | 105 |
| 5. | സി.റ്റി.ഔസേപ്പ് | 106 |
| 6. | വി.ബിജേഷ്കുമാർ | 107 |
| 7. | എം.കെ.രാജീവ്കുമാർ | 119 |
| 8. | ബി.ദിലീഫ് | 130 |

1. ഈ സ്ഥാനക്കയറ്റം ഭരണപരമായ പ്രതിസന്ധി മറികടക്കുന്നതിനുള്ള താൽക്കാലിക നിയമനം മാത്രമാണ്. താൽക്കാലിക പ്രൊമോഷൻ ലഭിക്കുന്നു എന്ന കാരണത്താൽ ഭാവിയിലെ പ്രൊമോഷൻ/സീനിയോരിറ്റി എന്നീ കാര്യങ്ങളിലൊന്നും ഇവർക്ക് യാതൊരു മുൻഗണനയും ലഭിക്കുന്നതല്ല.

2. ടി സ്ഥാനക്കയറ്റം ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സ്ഥാനക്കയറ്റത്തിന് നിശ്ചയിച്ചിട്ടുള്ള 25% ക്വാട്ടയിൽ അധികരിച്ചിട്ടുള്ളതാകയാൽ, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ട് തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ, നിശ്ചിത ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിച്ച് തിരികെ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി

താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചവരെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് തരം താഴ്ത്തുന്നതാണ്.

3. ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സ്ഥാനക്കയറ്റത്തിന് നിശ്ചയിച്ചിട്ടുള്ള 25% ക്വാട്ടയിൽ ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് മാത്രമേ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി താൽക്കാലിക നിയമനം ലഭിച്ചവരുടെ നിയമനം ക്രമീകരിക്കുകയുള്ളു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർ (വൈൽഡ്ലൈഫ്) &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

To

സ്ഥാനക്കയറ്റം ലഭിച്ച എല്ലാ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് (ഓഫീസ് മേലധികാരി മുഖേന) അറിവിലേയ്ക്കായി നൽകുന്നു.

പകർപ്പ്:
1. അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വിഭാഗത്തിന് അറിവിലേയ്ക്കായി നൽകുന്നു.
2. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർമാർക്കും അറിവിലേയ്ക്കായി നൽകുന്നു.
3. എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർ മാർക്കും/കൺസർവേറ്ററർമാർക്കും/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മാർക്കും അറിവിലേയ്ക്കായി നൽകുന്നു.
4. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററർ (എഫ്.എം.ഐ.എസ്)-ന് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.
5. അക്കൗണ്ടന്റ് ജനറൽ (എ.&ഇ), കേരള, തിരുവനന്തപുരത്തിന് നൽകുന്നു.
6. കരുതൽ ഫയൽ-2020/ഓഫീസ് കോപ്പി.
7. ഇ സെക്ഷൻ, എച്ച് സെക്ഷൻ, ബി സെക്ഷൻ- സൂപ്രണ്ട് മുഖേന